98

# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 FEBRUARY 2026

## 56മത് ലോക സാമ്പത്തിക ഫോറം

# 1.18 ലക്ഷം കോടി രൂപയുടെ നിക്ഷേപം ആകർഷിച്ചു കേരളം

സ്വിറ്റ്സർലാന്റിലെ ദാവോസിൽ നടന്ന ലോക സാമ്പത്തികഫോറത്തിൽ 1.18 ലക്ഷം കോടി രൂപയുടെ നിക്ഷേപ താൽപര്യപത്രം ഒപ്പുവച്ച് കേരളം. അമേരിക്ക, യുകെ, ജർമനി, സ്പെയിൻ, ഇറ്റലി, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങളിൽ നിന്നുള്ള വിവിധ കമ്പനികളുമായാണ് താത്പര്യപത്രം ഒപ്പിട്ടത്. ചരിത്രത്തിലാദ്യമായാണ് ലോക സാമ്പത്തിക ഫോറത്തിൽനിന്ന് കേരളം നിക്ഷേപം സമാഹരിക്കുന്നതെന്ന് ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് വ്യക്തമാക്കി.







മെഡിക്കൽ വ്യവസായം, റിന്യൂവബിൾ എനർജി, ഡാറ്റാ സെന്റർ, എമർജിങ് ടെക്നോളജി എന്നീ മേഖലകളിലെ 27 കമ്പനികളുമായാണ് താൽപര്യപത്രം ഒപ്പിട്ടത്. 67 കമ്പനികളുടെ പ്രതിനിധികളുമായി കേരളസംഘം ചർച്ച നടത്തി. താത്പര്യപത്രത്തിന്റെ തുടർച്ചയായുള്ള പ്രവർത്തനങ്ങൾക്ക് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുമെന്ന് ബഹു. മന്ത്രി പറഞ്ഞു. കൊച്ചിയിൽ കഴിഞ്ഞവർഷം സംഘടിപ്പിച്ച ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ ഒപ്പിട്ട താത്പര്യപത്രങ്ങളിൽ 24 ശതമാനം നിർമാണ ഘട്ടത്തിലേക്ക് കടന്നിരിക്കുകയാണ്. ഇതിനു പുറമേയാണ് ലോക സാമ്പത്തിക ഫോറത്തിൽ പ്രധാന കമ്പനികളുമായി താത്പര്യപത്രം ഒപ്പുവെച്ചത്.





ഇഎസ്ജി നയം അംഗീകരിച്ച ഇന്ത്യയിലെ ആദ്യ സംസ്ഥാനമെന്നത് കൂടുതൽ നിക്ഷേപങ്ങൾക്ക് പ്രേരണയാകുന്നതായി വിവിധ കമ്പനികൾ അഭിപ്രായപ്പെട്ടു. ലോക സാമ്പത്തിക ഫോറത്തിൽ പങ്കെടുത്ത പ്രധാന കമ്പനികളുടെ സിഇഒമാരുമായി കേരളത്തിലെ നിക്ഷേപ അവസരങ്ങൾ പരിചയപ്പെടുത്തുന്നതിനായി ബഹു. മന്ത്രിയുടെ നേതൃത്വത്തിലുള്ള കേരള പ്രതിനിധി സംഘം ചർച്ചകൾ നടത്തി. ചീഫ് സെക്രട്ടറി ഡോ. എ ജയതിലക് ഐ.എ.എസ്., വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. എ. പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്., കെ.എസ്. ഐ.ഡി.സി. എം.ഡി. ശ്രീ. പി. വിഷ്ണുരാജ് ഐ.എ.എസ്., കെ.എസ്. ഐ.ഡി.സി. മാനേജിങ്ങ് ഡയറക്ടർ ശ്രീ. എം. വർഗ്ഗീസ് എന്നിവരടങ്ങുന്നതായിരുന്നു പ്രതിനിധി സംഘം.

പോളിഷ് കോൺഫെഡറേഷൻ 'ലെവിയാറ്റന്റെ' ഡയറക്ടറുമായി ബഹു. മന്ത്രി കൂടിക്കാഴ്ച നടത്തി. പോളണ്ടിനും കേരളത്തിനും ഇടയിൽ സാമ്പത്തിക സഹകരണം കെട്ടിപ്പടുക്കാൻ ഒട്ടേറെ സാധ്യതകളുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഡ്രിപ്പ് ക്യാപിറ്റലിന്റെ സിഇഒ പുഷ്കർ മുകേവാറുമായുള്ള ചർച്ചയിൽ കേരളത്തിലെ ചെറുകിട - ഇടത്തരം ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനും വിപണി ഉറപ്പാക്കുന്നതിനുമുള്ള സാധ്യതകൾ ബഹു. മന്ത്രി ചൂണ്ടിക്കാട്ടി. പ്യൂർ ഗ്ലോബൽ സ്ഥാപകയും വ്യവസായിയുമായ ഡോ. ഷൈല തല്ലൂരി, സിൻഹാസ് ജിഎംബിഎച്ച് സ്ഥാപകൻ രാജീവ് സിൻഹ, റിന്യൂവബിൾ എനർജി മേഖലയിൽ, നിരവധി രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന പ്രധാന കമ്പനികളിലൊന്നായ സുസ്ലോണിന്റെ വൈസ് ചെയർമാൻ ശ്രീ. ഗിരീഷ് തന്തി, സ്വിറ്റ്സർലാന്റ് ഫെഡറൽ അസംബ്ലി അംഗമായ ശ്രീ. നിക്ലോസ് ഗുജ്ജർ, HCL സോഫ്റ്റുവെയർ ചീഫ് റവന്യൂ ഓഫീസർ ശ്രീ. രാജീവ് ശേഷ്, ലോർഡ്സ് മാർക്ക് ഇന്റസ്ട്രീസ് ലിമിറ്റഡ് സി. ഇ.ഒ. ശ്രീ. സച്ചിതാനന്ദ് ഉപാധ്യായ എന്നിവരുമായും ബഹു. മന്ത്രി കൂടികാഴ്ച നടത്തി.

## പ്രധാന നിക്ഷേപങ്ങൾ

രാംകി ഇൻഫ്രാസ്ട്രക്ചർ - 6000 കോടി (ഇക്കോ ടൗൺ വികസനം, സംയോജിത വ്യവസായ പാർക്കുകൾ), റിസസ് റ്റൈനബിലിറ്റി - 1000 കോടി (മാലിന്യ സംസ്കരണം), ഇൻസ്റ്റ പേ സിനർജീസ് - 100 കോടി (സാമ്പത്തിക സേവനങ്ങൾ), ബൈദ്യനാഥ് ബയോഫ്യുവൽസ് - 1000 കോടി (റിന്യൂവബിൾ എനർജി), ആക്മെ ഗ്രൂപ്പ് - 5000 കോടി (ബാറ്ററി സ്റ്റോറേജ് സിസ്റ്റം), ലിങ്ക് എനർജി - - 1000 കോടി (റിന്യൂവബിൾ എനർജി), സിഫി ടെക്നോളജീസ് - 1000 കോടി (ഡാറ്റ സെന്റർ), ഡെൽറ്റ എനർജി - 1600 കോടി (ഹോസ്പിറ്റാലിറ്റി ആൻഡ് ഹെൽത്ത് കെയർ), ഗ്രീൻകോ ഗ്രൂപ്പ് - 10,000 കോടി, ജെനസിസ് ഇൻഫ്രാസ്ട്രക്ചർ - 1300 കോടി, കാനിസ് ഇന്റർനാഷണൽ - 2500 കോടി (എയ്റോസ്പേസ് ആൻഡ് എനർജി), സെയ്ൻ വെസ്റ്റ് കാപ്സ് അഡ്വൈസറി - 1000 കോടി (റിന്യൂവബിൾ എനർജി).

# പെരുമയുയർത്തി കേരളം

## 190ൽ അധികം രാജ്യങ്ങളിലെ രുചിവൈവിധ്യങ്ങളുമായി ഗൾഫ് ഫുഡ് ഇന്ത്യ




ലോകത്തെ ഏറ്റവും വലിയ ഭക്ഷ്യമേളയായ ഗൾഫ് ഫുഡിന് ദുബായിൽ തുടക്കമായി. ഇന്ത്യയുൾപ്പെടെ 190ൽ പരം രാജ്യങ്ങളിൽ നിന്നുള്ള അയ്യായിരത്തിലേറെ പ്രദർശകർ പങ്കെടുക്കുന്ന മേള, ദുബായ് വേൾഡ് ട്രേഡ് സെന്ററിലും എക്സ്പോ സിറ്റിയിലുമായാണ് ഒരുക്കിയിരിക്കുന്നത്. കേരളത്തിൽ നിന്ന് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനെ പ്രതിനിതീകരിച്ചു കെഎസ്ഐഡിസിയുടെ നേതൃത്വത്തിൽ പന്ത്രണ്ടോളം ഭക്ഷ്യ സംരംഭക യൂണിറ്റുകളാണ് മേളയിൽ പങ്കെടുത്തത്. ഭക്ഷ്യ രംഗത്തെ വ്യവസായ സാധ്യതകളുൾപ്പെടെ ഒരുക്കി വിസ്മയിപ്പിക്കുന്ന ഒരായിരം കാഴ്ചകളാണ് മേളയിലുള്ളത്.

ഇത്തവണത്തെ പങ്കാളിത്ത രാജ്യമായ ഇന്ത്യയുടെ പവലിയൻ യുഎഇയിലെ ഇന്ത്യൻ സ്ഥാനപതി ഡോ. ദീപക് മിത്തൽ ഉദ്ഘാടനം ചെയ്തു. കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ വകുപ്പ് സെക്രട്ടറി ശ്രീ. അവിനാശ് ജോഷി ഐ.എ.എസ്., അപെഡ (APEDA) ചെയർമാൻ ശ്രീ. അഭിഷേക് ദേവ് എന്നിവരും ചടങ്ങിൽ സംബന്ധിച്ചു. ഇന്ത്യയുടെ വാണിജ്യ വ്യവസായ മന്ത്രാലയത്തിനു കീഴിലെ ദി അഗ്രികൾച്ചറൽ ആൻഡ് പ്രൊസസ്ഡ് ഫുഡ് പ്രോഡക്റ്റ്സ് എക്സ്പോർട് ഡവലപ്മെന്റ് അതോറിറ്റിയാണ് ഇന്ത്യൻ പവിലിയനുകൾ ഒരുക്കിയിരിക്കുന്നത്. മൊത്തം 161 കമ്പനികൾ ഇന്ത്യൻ പവിലിയന്റെ ഭാഗമായുണ്ട്.

ഇന്ത്യൻ കാർഷിക വൈവിധ്യത്തിന്റെ വിപുലമായ ശേഖരം ഇവിടെ കാണാം. പുതിയതും ശീതികരിച്ചതുമായ ഉൽപ്പന്നങ്ങൾ, ധാന്യങ്ങൾ, പാനീയങ്ങൾ, മൂല്യവർധിത ഭക്ഷ്യപദാർഥങ്ങൾ, കാർഷിക കയറ്റുമതി സ്റ്റാർട്ടപ്പുകൾ തുടങ്ങിയവയാണ് ഇന്ത്യൻ പവിലിയനിലുള്ളത്. അഞ്ച് ദിവസം നീണ്ടുനിൽക്കുന്ന മേള ലോകമെമ്പാടുനിന്നുള്ള സന്ദർശകർക്ക് വൈവിധ്യമാർന്ന രുചിക്കൂട്ടുകൾ നേരിട്ടറിയാനുള്ള സുവർണാവസരമാണ് ഒരുക്കുന്നത്.

# ഇന്ത്യ ഹൊറേക എക്സ്പോ 2026

## സന്ദർശക പ്രശംസ ഏറ്റുവാങ്ങി കേരളത്തിലെ ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ





ഇന്ത്യ ഹൊറേക എക്സ്പോ 2026 (ഫുഡ് ആൻഡ് ഡ്രിങ്ക് പ്രോസസിംഗ് എക്സ്പോ & ബേക്കേഴ്സ് ടെക്നോളജി ഫെയർ)ൽ ശ്രദ്ധേയ സാന്നിധ്യമായി കേരള സ്റ്റാളുകൾ. ഭക്ഷണ - പാനീയങ്ങൾ, ഡയറി ബേക്കറി, മിഠായി, മധുരപലഹാരങ്ങൾ, ലഘുഭക്ഷണങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകി കൊണ്ട് സംഘടിപ്പിച്ച ട്രേഡ് ഫെയർ 2026 ജനുവരി 20 മുതൽ 22 വരെ ബെംഗളൂരുവിലെ ത്രിപുര വാസിനി പാലസ് ഗ്രൗണ്ടിലാണ് സംഘടിപ്പിച്ചത്.

കേരള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്പ്) നേതൃത്വത്തിൽ സംസ്ഥാനത്തെ ഭക്ഷ്യ സംസ്കരണ മേഖലയിലെ 18 യൂണിറ്റുകളാണ് ട്രേഡ് ഫെയറിൽ പങ്കെടുത്തത്. 3 ദിവസങ്ങളിലായി ഏകദേശം 25000 ത്തിലധികം സന്ദർശകർ പങ്കെടുത്ത മേളയിൽ ഉൽപ്പന്ന വൈവിധ്യത കൊണ്ട് കേരള സ്റ്റാളുകൾ സന്ദർശക പ്രശംസ നേടിയിരുന്നു.

ഹോട്ടൽ, റെസ്റ്റോറന്റ്, കാറ്ററിംഗ്, ഭക്ഷ്യ സംസ്ക്കരണ അനുബന്ധ മേഖലകളിലെ ഏറ്റവും പുതിയ ട്രെൻഡുകൾ, നൂതനാശയങ്ങൾ എന്നിവ മനസ്സിലാക്കുന്നതിനും പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിനുമുള്ള ഒരു മികച്ച പ്ലാറ്റ്ഫോം കേരളത്തിലെ സംരംഭകർക്ക് ഒരുക്കി നൽകുന്നതായിരുന്നു ഇന്ത്യ ഹൊറേക എക്സ്പോ 2026. ലോകമെമ്പാടുമുള്ള ഭക്ഷ്യ മേഖല വിദഗ്ധരെയും ഉത്പാദകരെയും വിതരണക്കാരെയും ഒരു കുടക്കീഴിൽ കൊണ്ട് വന്ന എക്സ്പോയിലൂടെ വിവിധ രാജ്യങ്ങളിലുള്ള സംരംഭകരുമായി ആശയ വിനിമയം നടത്തുന്നതിനും വാണിജ്യ ബന്ധങ്ങളിൽ ഏർപ്പെടുന്നതിനും എക്സ്പോ വഴിയൊരുക്കി. ഭക്ഷ്യ മേഖലയിലെ ഡിജിറ്റൽ സാങ്കേതികതയുടെ ഉപയോഗം, വർക്ക്ഷോപ്പുകൾ, തത്സമയ ഉത്പന്ന നിർമാണം, പാനൽ ചർച്ചകൾ എന്നിവയും എക്സ്പോയുടെ പ്രധാന ആകർഷണങ്ങൾ ആയിരുന്നു.




# എം.എസ്.എം.ഇ. കൾക്ക് ആഗോള വിപണിയൊരുക്കാൻ ട്രേഡെക്സ് വരുന്നു..

കേരളത്തിലെ സൂക്ഷ്മ - ചെറുകിട - ഇടത്തരം സംരംഭകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾ അന്താരാഷ്ട്ര ബയർമാർക്ക് മുന്നിൽ അവതരിപ്പിക്കാനും കയറ്റുമതി സാധ്യതകൾ വർധിപ്പിക്കാനും അവസരമൊരുക്കുന്ന ഇന്റർനാഷണൽ ബയർ സെല്ലർ മീറ്റ് - ട്രേഡെക്സ് കേരള 2026 ഫെബ്രുവരി 17, 18 തീയതികളിൽ കൊച്ചിയിൽ സംഘടിപ്പിക്കും. വ്യവസായ വാണിജ്യ ഡയറക്ടറേറ്റും ഫെഡറേഷൻ ഓഫ് ഇന്ത്യൻ എക്സ്പോർട്ട് ഓർഗനൈസേഷനും സംയുക്തമായാണ് ട്രേഡെക്സ് കേരള 2026 സംഘടിപ്പിക്കുന്നത്.

കേരളത്തിന്റെ ഉത്പന്നങ്ങളെയും സംരംഭകരെയും ആഗോള വിപണിയിൽ ശക്തമായി സ്ഥാനമുറപ്പിക്കുന്നതിനുള്ള നിർണായക വേദിയായി ട്രേഡെക്സ് കേരള 2026 മാറുമെന്നാണ് പ്രതീക്ഷിക്കുന്നത്.

# 2026 - 27 കാലയളവിൽ വ്യവസായ വകുപ്പിന് ബജറ്റിൽ മികച്ച പിന്തുണ

I. വ്യവസായം - ധാതുക്കൾ മേഖലയ്ക്കായി 1973.5 കോടി രൂപ അനുവദിച്ചു.

II. കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ എം എസ് എം ഇ മേഖലയുണ്ടാക്കുന്ന സമാനതകളില്ലാത്ത മുന്നേറ്റം തുടരുന്നതിനായി MSME മേഖലയ്ക്കായി 310.8 കോടി രൂപ ബജറ്റിൽ വകയിരുത്തി.

III. കൊച്ചി - ബംഗളൂരു വ്യവസായ ഇടനാഴി, പെട്രോ കെമിക്കൽ പാർക്ക് തുടങ്ങിയ വൻകിട പദ്ധതികളിൽ പങ്കാളികളായ കിൻഫ്രയുടെ പ്രവർത്തനങ്ങൾക്കായി 363.8 കോടി രൂപ അനുവദിച്ചു.

IV. 2026 - 27 കാലയളവിൽ കൂടുതൽ നിക്ഷേപങ്ങൾ കേരളത്തിലെത്തിക്കാനും നിക്ഷേപകർക്ക് പിന്തുണ നൽകാനുമായി കെ എസ് ഐ ഡി സിയ്ക്ക് 146 കോടി രൂപ വകയിരുത്തി.

V. വിഴിഞ്ഞം അന്താരാഷ്ട്ര വിവിധോദ്ദേശ ആഴക്കടൽ തുറമുഖത്തിന്റെ വികസനത്തിന്റെ ഭാഗമായി കുറ്റിച്ചലിൽ 50 ഏക്കർ ഭൂമി ഏറ്റെടുത്തു കൊണ്ട് ആരംഭിക്കുന്ന വ്യാവസായിക, ലോജിസ്റ്റിക്സ് പാർക്ക് പദ്ധതിക്ക് 100 കോടി രൂപ വകയിരുത്തി.

VI. തോട്ടം മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി പുതിയ പാർപ്പിട സൗകര്യങ്ങളുടെ നിർമ്മാണത്തിനും തൊഴിലാളികളുടെ നിലവിലുള്ള വീടുകളുടെ നവീകരണത്തിനും പദ്ധതിക്ക് ബജറ്റ് വിഹിതമായി 5 കോടി രൂപയും അധിക വിഹിതമായി 10 കോടി രൂപയും വകയിരുത്തി.

VII. പിപിപി മാതൃകയിൽ കേരള യൂണിവേഴ്സിറ്റി ഫോർ സ്കിൽ ഡെവലപ്മെന്റ് & എന്റർപ്രണർഷിപ്പ് ആരംഭിക്കുന്നതിനായി പദ്ധതിയുടെ സാധ്യതാ പഠനത്തിനും ഡിപിആറിനുമായി 25 ലക്ഷം രൂപ വകയിരുത്തി.



Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.